തീയതിമുതൽ അറുപത് ദിവസത്തിനകം അപ്പീലുകളിന്മേൽ തീർപ്പ് കൽപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭൂമിയുടെ താരിഫ് സംബന്ധമായി പുറത്തിറക്കിയ വിജ്ഞാപനത്തിലെ അപാകതകളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് മേൽ പ്രസ്താവിച്ച നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

8. ചരിത്ര പൈതൃക പഠന കേന്ദ്രം

ശ്രീ. എം. കെ. പ്രേംനാഥ് : സർ, വടകര തച്ചോളി ഒതേനന്റെയും ഉണ്ണിയാർച്ച തുടങ്ങിയ പോരാളികളുടേയും കളരികളുടേയും നാടാണ്. വടക്കൻ പാട്ടുകൾ പഴയ ചരിത്ര സംഭവങ്ങളെ കുറിച്ചുള്ളവയാണ്. വടക്കൻ പാട്ടിലെ ചരിത്ര സംഭവങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്നതിനും അതുപോലെതന്നെ വടകര തച്ചോളി മാണിക്കോത്ത് തറവാട് ഒരു ചരിത്ര സ്മാരകമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, വടക്കൻപാട്ടുകൾക്ക് പ്രസിദ്ധമായ വടകരയിലെ ലോകനാർകാവ് ക്ഷേത്രം സംസ്ഥാന പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. കാസർഗോഡ് മുതൽ കോരപ്പുഴ വരെ വടക്കേ മലബാറിൽ പ്രചാരത്തിലുള്ള വടക്കൻ പാട്ടുകളെക്കുറിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ പി.എച്ച്.ഡി. പ്രബന്ധങ്ങളുൾപ്പെടെ നിരവധി ഗ്രന്ഥങ്ങളും പ്രസിദ്ധികരിച്ചിട്ടുണ്ട്. വടക്കൻ പാട്ടുകൾ ഉൾപ്പെടെ കേരളത്തിലെ നാടൻപാട്ടുകളെക്കുറിച്ച് പഠനം നടത്തുന്നതിന് ഫോക്‌ലോർ അക്കാഡമിയിൽ ഒരു പ്രത്യേക പഠന ഗവേഷണ വിഭാഗം സ്ഥാപിക്കുന്നതാണ്.

9. പൂജാരിമാർക്ക് ക്ഷേമനിധി

ശ്രീമതി പി. അയിഷാ പോറ്റി : സർ, സ്വകാര്യ ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് എന്റെ സബ്മിഷൻ. സ്വകാര്യ ക്ഷേത്ര ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ഈ സർക്കാർ ആലോചിച്ചിട്ടുണ്ട്. ക്ഷേത്രത്തിലെ പൂജാരിമാരൊഴികെ എന്നാണ് ഇപ്പോൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത്. അത് മാറ്റി ക്ഷേത്ര പൂജാരിമാരെക്കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സർ, A Poojari or a Priest cannot be treated as a workman എന്ന് 1969-ലെ ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് പൂജാരിമാരെ ചേർക്കാതിരുന്നത്. ദയവായി ശ്രീമതി അയിഷാ പോറ്റി എം.എൽ.എ. അക്കാര്യത്തിൽ ക്ഷമിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly